**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 422** **11-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നടപ്പ സാമ്പത്തിക വർഷാരംഭത്തിൽ തന്നെ സംസ്ഥാനത്തിന് കടമെടുക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങളെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ;ു; | (എ) | കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം നടപ്പ സാമ്പത്തിക വർഷാരംഭത്തിൽ തന്നെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. തത്ഫലമായി സംസ്ഥാനത്തിന്റെ ലിക്വിഡിറ്റി അക്കൗണ്ടിൽ ഉടലെടുത്ത അസമത്വം പരിഹരിക്കുന്നതിന് മുൻസർക്കാരുകളുടെ കാലത്ത് എന്നതുപോലെ വായ്പയെ ആശ്രയിക്കേണ്ടി വന്നിട്ടുണ്ട് എന്നതൊരു വസ്തുതയാണ്. |
| (ബി) | സാമ്പത്തിക വർഷാരംഭത്തിൽ തന്നെ കടമെടുക്കുന്നത് തുടർന്നുള്ള വികസന പ്രവർത്തനങ്ങൾക്കു മേൽ ഉണ്ടാക്കാൻ സാധ്യതയുള്ള പ്രതിസന്ധി സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ലഭ്യമായ വിഭവങ്ങൾ യുക്തിസഹമായി വിനിയോഗിച്ച് പരമാവധി വികസന ക്ഷേമ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ട് പോകുവാനാണ് സർക്കാർ ശ്രമിക്കുന്നത്. |
| (സി) | സാമ്പത്തിക മാനേജ്മെന്റിലെയും നികുതി പിരിവിലെയും കാര്യക്ഷമത ഇല്ലായ്മയാണ് ഇത്തരത്തിലുള്ള കടമെടുപ്പിലേക്ക് നയിച്ചത് എന്ന ആക്ഷേപം സംബന്ധിച്ച് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ